# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4 — 04.02.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ഡോ.ടി.എം. തോമസ് ഐസക് — ശ്രീ. ഉമ്മൻചാണ്ടി, ബഹു. മുഖ്യമന്ത്രി

## ബഡ്ജറ്റ് പ്രസംഗത്തിലെ പദ്ധതികളുടെ ഭരണാനുമതി

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2012–13 ബഡ്ജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ എത്ര; ഏതെല്ലാം; | ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇരുനൂറ്റി അൻപതോളം പദ്ധതികളിൽ ഭൂരിഭാഗത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 31.01.2013 വരെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ലാത്ത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I ൽ ചേർക്കുന്നു. ഇതിൽതന്നെ മിക്കവയുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരികയാണ്. |
| (ബി) | ഭരണാനുമതി നൽകിയവ എത്ര; അതിൽ സാങ്കേതിക അനുമതി നൽകിയിട്ടില്ലാത്തവ എത്ര; | |
| (സി) | ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയവ എത്ര; | ഭരണാനുമതി പുറപ്പെടുവിച്ചവയിൽ തന്നെ ചില പദ്ധതികളുടെ നിർവ്വഹണത്തിന് മാത്രമേ സാങ്കേതികാനുമതി ആവശ്യമുള്ളൂ. വിവിധ ഭരണവകുപ്പുകളിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് സാങ്കേതികാനുമതി ആവശ്യമുള്ള ഇരുപതോളം പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. |
| (ഡി) | ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയെങ്കിലും പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ എത്ര; | |

| | | |
|---|---|---|
| (ഇ) | പദ്ധതി നിർവ്വഹണം ആരംഭിച്ചെങ്കിലും പൂർത്തിയാക്കിയിട്ടില്ലാത്തവ ഏതെല്ലാം; | ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയെങ്കിലും ടെണ്ടർ നടപടിക്രമങ്ങൾ ഉൾപ്പെടെ പല സാങ്കേതിക നടപടികളും പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഇതിൽ പല പദ്ധതികളും ആരംഭിക്കാൻ സാധിക്കുകയുള്ളു. ഇപ്പോൾ തന്നെ നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ മിക്കവയും പൂർത്തീകരിക്കുവാൻ കൂടുതൽ സമയം ആവശ്യമുള്ളവയാണ്. |
| (എഫ്) | പ്രഖ്യാപിത പദ്ധതി പൂർണതോതിൽ നടപ്പിലാക്കുകയും ഫലപ്രാപ്തി യുണ്ടാകുകയും ചെയ്തവ എത്ര; അവ ഏതെല്ലാം പദ്ധതികളായിരുന്നു; മേൽപറഞ്ഞവ എത്രയെന്ന് വകുപ്പ് അടിസ്ഥാനത്തിൽ വെളുപ്പെടുത്താമോ? | വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായ തോതിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

## 2012-13 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ 31.1.2013 വരെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ലാത്തവ

| |
|---|
| മലബാർ സിമൻറ്സുമായി സഹകരിച്ച് പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് – വ്യവസായ വകുപ്പ് |
| തൃശൂരിൽ പുതിയ മൊബിലിറ്റി ഹബ്ബ് , അന്തർ ദേശീയ അംഗീകാരമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി പ്രധാന പട്ടണങ്ങളിൽ സമഗ്ര വികസന പദ്ധതി.- നഗരകാര്യ വകുപ്പ് |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടനിർമ്മാതാക്കളുടേയും സഹകരണത്തോടെ ഒരു പ്രത്യേക നഗര അഗ്നി സുരക്ഷാ പദ്ധതി, സൈബർ ഫോറൻസിക് ലാബ് , അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുള്ളതുമായ കേസുകളിൽ അന്വേഷണം നടത്തുന്നതിന് പുതുതായി ഒരു സംസ്ഥാന അന്വേഷണ വിഭാഗം രൂപീകരിക്കൽ – ആഭ്യന്തര വകുപ്പ് |
| കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ സ്പോർട്സ് സ്റ്റേഡിയം, പുല്ലൂരാംപാറയിൽ ഒരു സ്പോർട്സ് അക്കാദമി, ഇടുക്കിയിലെ പൈനാവിൽ സ്റ്റേഡിയവും സൈക്കിൾ വെലോഡ്രോമും – കായിക യുവജന ക്ഷേമ വകുപ്പ് |
| ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കൽ, ചൈൽഡ് റൈറ്റ്സ് കമ്മീഷൻ രൂപീകരണം – സാമൂഹ്യ നീതി വകുപ്പ് |
| കോട്ടയം, വയനാട് എന്നിവിടങ്ങളിൽ വാണിജ്യ നികുതി കോംപ്ളക്സ്, വഴിക്കടവ് , മുത്തങ്ങ, ആര്യൻകാവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ്, ചെക്ക് പോസ്റ്റ് നവീകരണം തുടങ്ങിയവ – നികുതി വകുപ്പ് |
| തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട്, കോട്ടയം ജില്ലയിലെ സമഗ്ര ടൂറിസം സർക്യൂട്ട് പ്രോജക്ട് , തണ്ണീർത്തടം പക്ഷി സങ്കേതമായി വികസിപ്പിക്കൽ, ഹരിപ്പാട് പിൽഗ്രിം ടൂറിസം പദ്ധതി, ടൂറിസം പ്രോമോഷൻ ബോർഡ് (പി.പി.പി. മോഡ്) – വിനോദ സഞ്ചാര വകുപ്പ് |
| നോർക്ക ബിസിനസ്സ് സെൻറർ പ്രോജക്ട് – പ്രവാസി കാര്യ വകുപ്പ് |
| ശതാബ്ദി ആഘോഷിക്കുന്ന ഗവ. സ്കൂളുകൾക്കും കോളേജുകൾക്കും പ്രത്യേക സഹായം, എല്ലാ സ്കൂളുകളുടെയും അന്തർദേശീയ നിലവാരത്തിലുള്ള ആധുനികവൽക്കരണം, ഓരോ സ്കൂളിലും ഓരോ സ്മാർട്ട് ക്ളാസ് മുറി – വിദ്യാഭ്യാസ വകുപ്പ് |
| സ്വയം പര്യാപ്ത ഗ്രാമങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ വരെ ചെലവഴിക്കുന്നത് – ഗ്രാമ വികസന വകുപ്പ് |
| സാങ്കേതിക സർവ്വകലാശാല – ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| വന്യമൃഗം മൂലമുള്ള കൃഷിനാശം ലഘൂകരിക്കുന്നതിന് നബാർഡിൻെറ സഹായത്തോടെ നടപ്പിലാക്കേണ്ട സൗരോർജ്ജ വേലി/ ട്രെഞ്ച് നിർമ്മാണത്തിനുള്ള പദ്ധതി.- വനം വകുപ്പ് |
| പൈനാപ്പിൾ മിഷൻ – കൃഷി വകുപ്പ് |
| എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം – ഗതാഗത വകുപ്പ് |
| ആലപ്പുഴ കൊല്ലം ബൈപ്പാസ് നിർമ്മാണം – പൊതുമരാമത്ത് വകുപ്പ് |
| മുതലപ്പൊഴി, തലായ്, ചേറ്റുവ, ചെറുവത്തൂർ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കൽ- തുറമുഖ വകുപ്പ് |
| മാതൃക കയർഗ്രാമം പദ്ധതി , – കയർ വകുപ്പ് |

K. Sudha B.L.

സെക്ഷൻ ഓഫീസർ

അനുബന്ധം – II

## വകുപ്പടിസ്ഥാനത്തിൽ 31.01.2013 വരെ പൂർണ്ണ തോതിൽ നടപ്പിലാക്കിയ പദ്ധതികൾ

| | |
|---|---|
| I | **സോഷ്യൽ ജസ്റ്റിസ്** |
| | നിർഭയ പദ്ധതി |
| | വയോ മിത്രം പദ്ധതി |
| | കോക്ളിയർ ഇംപ്ളാന്റേഷൻ പദ്ധതി |
| | വിശപ്പ് രഹിത നഗരം പദ്ധതി |
| II | **എക്സൈസ്** |
| | തൃശൂർ എക്സൈസ് അക്കാഡമിയിൽ ആധുനിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| III | **ആഭ്യന്തര വകുപ്പ്** |
| | ജനമൈത്രി സംവിധാനം 100 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കൽ |
| | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രോജക്ടിന് കൂടുതൽ പ്രചാരണം നൽകൽ |
| | വയോജനങ്ങളുടെയും സ്ത്രീകളുടെയും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെയും പരാതികളിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇവരുടെ പരാതികളിൻമേൽ കൈക്കൊണ്ട നടപടികൾ ഓരോ മൂന്നുമാസത്തിലും പ്രസിദ്ധപ്പെടുത്തൽ |
| | ഇന്റർനെറ്റ് മൊബൈൽ എന്നിവയിലൂടെ സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ വ്യാപകവും വിപുലവുമായ സാമൂഹ്യ ബോധവൽക്കരണ പദ്ധതി സംഘടിപ്പിക്കൽ. |
| IV | **നോർക്ക** |
| | പ്രവാസി ഭാരതീയ ദിവസ് |
| V | **ജലഗതാഗതം** |
| | വനംവകുപ്പിൽ നിന്നും തടിവാങ്ങൽ |
| VI | **രജിസ്ട്രേഷൻ** |
| | ഏകജാലക സംവിധാനം |
| VII | **ജയിൽ വകുപ്പ്** |
| | ജയിലുകളിൽ സി.സി.ടി.വി.സർവയലൻസ് സംവിധാനം സ്ഥാപിക്കൽ |
| | ജയിലുകളിൽ എഫ്.എം. റേഡിയോ സംവിധാനം സ്ഥാപിക്കൽ |
| | ജയിലുകളിൽ ടെലിവിഷൻ സ്ഥാപിക്കൽ |
| VIII | **സഹകരണ വകുപ്പ്** |
| | 2039 നൻമ സ്റ്റോറുകൾ , 54 നീതി മെഡിക്കൽ സ്റ്റോറുകൾ, 12 ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ